**"CORRUPTION, A CRIME AGAINST NATION"**

വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ
തിരുവനന്തപുരം 695033
E-mail:vig.vacb@kerala.gov.in
ഫോൺ നം. 0471-2305393
തീയതി. 23.09.2025

# കൈക്കൂലിക്കാർക്കെതിരെ വിജിലൻസിന്റെ ഡബിൾ ഹിറ്റ്

## കെട്ടിട അസസ്സ്മെന്റിന് കൈക്കൂലി വാങ്ങിയ കൊച്ചി കോർപ്പറേഷനിലെ ക്ലർക്കും, റസ്റ്റോറന്റ് ഉടമയിൽ നിന്നും കൈക്കൂലി വാങ്ങിയ അസ്സിസ്റ്റന്റ് ലേബർ ഓഫീസറും വിജിലൻസ് പിടിയിൽ.

എറണാകുളം പള്ളുരുത്തിയിലുള്ള ലോഡ്ജിന്റെ പുതുക്കി പണിത ഭാഗം റെഗുലറൈസ് ചെയ്യുന്നതിനുള്ള നടപടികൾ പൂർത്തീകരിക്കുന്നതിന് പരാതിക്കാരനിൽ നിന്നും 25000/- രൂപ കൈക്കൂലി വാങ്ങിയ കൊച്ചി കോർപ്പറേഷൻ പള്ളുരുത്തി സോണൽ ഓഫീസിലെ റവന്യൂ വിഭാഗം ക്ലർക്കായ പ്രകാശ്.എസ്. എസ്. നെയും, ഗുരുവായൂർ ക്ഷേത്ര പരിസരത്ത് പ്രവർത്തിക്കുന്ന റസ്റ്റോറന്റിൽ പരിശോധന നടത്തിയ ശേഷം തുടർ നടപടികൾ സ്വീകരിക്കാതിരിക്കാൻ ഹോട്ടൽ ഉടമയിൽ നിന്നും 5000/- രൂപ കൈക്കൂലി വാങ്ങിയ അസ്സിസ്റ്റന്റ് ലേബർ ഓഫീസറായ ജയപ്രകാശ് കെ. എ. യെയും വിജിലൻസ് ഇന്ന് (23.09.2025) കൈയ്യോടെ പിടികൂടി.

എറണാകുളം പള്ളുരുത്തി സ്വദേശിയായ പരാതിക്കാരന്റെ മാതാവിന്റെ ഉടമസ്ഥതയിലുള്ള ലോഡ്ജിന്റെ രണ്ടാം നിലയിൽ മുറികൾ കൂട്ടി ചേർത്ത് പുതുക്കി പണിതിരുന്നു. ഈ ഭാഗം റെഗുലറൈസ്സ് ചെയ്യുന്നതിനായി 17.12.2024 തീയതി കെട്ടിട ഉടമ പള്ളുരുത്തി സോണൽ ഓഫീസിൽ സമർപ്പിച്ച അപേക്ഷ കെട്ടിടത്തിന്റെ അസസ്സ്മെന്റ് നടത്തിയില്ലായെന്നുള്ള സാങ്കേതിക കാരണങ്ങൾ പറഞ്ഞ് നിരസിച്ചു. തുടർന്ന് 08.08.2025 തീയതി കെട്ടിട അസസ്സ്മെന്റ് നടത്തി നൽകുന്നതിന് കെട്ടിട ഉടമ വീണ്ടും അപേക്ഷ സമർപ്പിച്ചിരുന്നതും, സോണൽ ഓഫീസിലെ റവന്യൂ ഇൻസ്പെക്ടറും ക്ലർക്കായ പ്രകാശും കൂടി കെട്ടിടം അസസ്സ്മെന്റ് നടത്തുന്നതിനായി ലോഡ്ജിലെത്തി കെട്ടിടം അളന്ന ശേഷം സോണൽ ഓഫീസിലേയ്ക്ക് വന്ന് കാണാൻ പരാതിക്കാരനോട് ആവശ്യപ്പെട്ട ശേഷം ഉദ്യോഗസ്ഥർ തിരികെ പോയി. തുടർന്ന് സോണൽ ഓഫീസിൽ എത്തിയ പരാതിക്കാരൻ ക്ലർക്ക് പ്രകാശിനെ

കണ്ടപ്പോൾ അസസ്സ്മെന്റ് നടത്തി നൽകുന്നതിന് 5 ലക്ഷം രൂപ കൈക്കൂലി നൽകണമെന്ന് പരാതിക്കാരനോട് ആവശ്യപ്പെട്ടു. തന്റെ കൈയ്യിൽ അത്രയും പണം ഇല്ലായെന്ന് അറിയിച്ച പരാതിക്കാരനോട് 2 ലക്ഷം രൂപയെങ്കിലും നൽകണമെന്ന് പ്രകാശ് പറഞ്ഞു. തുടർന്ന് ഇന്നലെ (22.09.2025) പരാതിക്കാരൻ അപേക്ഷയുടെ സ്റ്റാറ്റസ് അറിയാൻ പ്രകാശിനെ ഫോണിൽ വിളിച്ചപ്പോൾ ഓഫീസിൽ എത്തി നേരിൽ കാണാൻ നിർദേശിച്ചതനുസരിച്ച് പ്രകാശിനെ നേരിൽ കണ്ട സമയം അസസ്സ്മെന്റ് നടത്തി നൽകുന്നതിന് ആവശ്യപ്പെട്ട 2 ലക്ഷം രൂപ വെള്ളിയാഴ്ചയ്ക്കുള്ളിൽ (26.09.2025) നൽകണമെന്നും അഡ്വാൻസായി 50,000/- രൂപ ഇന്ന് (23.09.2025) ഓഫീസിൽ എത്തിച്ച് നൽകണമെന്നും പരാതിക്കാരനോട് പ്രകാശ് ആവശ്യപ്പെട്ടു. എന്നാൽ കൈക്കൂലി നൽകി കാര്യം സാധിക്കാൻ താല്പര്യമില്ലാത്ത പരാതിക്കാരൻ ഈ വിവരം എറണാകുളം വിജിലൻസ് ഡെപ്യൂട്ടി പോലീസ് സൂപ്രണ്ടിനെ അറിയിക്കുകയും, തുടർന്ന് വിജിലൻസ് സംഘം കെണിയൊരുക്കി നിരീക്ഷിച്ച് വരവേ, ഇന്ന് (23.09.2025) വൈകി 04.45 മണിക്ക് എത്തി പരാതിക്കാരനിൽ നിന്നും 25,000/- രൂപ കൈക്കൂലി വാങ്ങവെ പള്ളുരുത്തി സോണൽ ഓഫീസിൽ വച്ച് വിജിലൻസ് സംഘം കൈയ്യോടെ പിടികൂടുകയുമാണുണ്ടായത്. അറസ്റ്റ് ചെയ്ത പ്രതിയെ കോട്ടയം വിജിലൻസ് കോടതിയിൽ ഹാജരാക്കും.

ഗുരുവായൂർ ക്ഷേത്ര പരിസരത്ത് പരാതിക്കാരൻ നടത്തി വരുന്ന റസ്റ്റോറന്റിൽ 30.08.2025 തീയതി ചാവക്കാട് അസ്സിസ്റ്റന്റ് ലേബർ ഓഫീസർ ജയപ്രകാശ് കെ. എ പരിശോധന നടത്തിയിരുന്നു. പരിശോധനയ്ക്ക് ശേഷം റസ്റ്റോറന്റിലെ സർവ്വീസ് മാനേജറിനോട് സ്ഥാപനത്തിൽ താൽക്കാലിക ജീവനക്കാർ കൂടുതൽ ആണെന്നും കാണേണ്ടത് പോലെ കണ്ടാൽ എല്ലാം ശരിയാക്കിത്തരാം എന്നും പറഞ്ഞ ശേഷം ജയപ്രകാശ് കെ. എ മടങ്ങി പോയിരുന്നു. തുടർന്ന് ജയപ്രകാശ്, സർവ്വീസ് മാനേജരുടെ ഫോണിൽ വിളിച്ച് ആവശ്യപ്പെട്ട പണം നൽകിയില്ലെങ്കിൽ നോട്ടീസ് അയക്കുമെന്നും ഭീഷണിപ്പെടുത്തുകയും, 10.09.2025 തീയതി ലേബർ ഓഫീസിൽ ഹാജരാകാൻ നോട്ടീസ് അയക്കുകയും ചെയ്തിരുന്നു. അതിന് ശേഷം ജയപ്രകാശ് കെ.എ വീണ്ടും മാനേജരെ ഫോണിൽ വിളിച്ച് 16.09.2025 തീയതി ഓഫീസിൽ എത്തിയാൽ മതിയെന്ന് അറിയിച്ചിരുന്നു. തുടർന്ന് ഹോട്ടൽ മാനേജർ ചാവക്കാട് അസ്സിസ്റ്റന്റ് ലേബർ ഓഫീസിൽ എത്തി ജയപ്രകാശ് കെ. എ യെ നേരിൽ കണ്ട സമയം, തുടർ നടപടികൾ സ്വീകരിക്കാതിരിക്കാൻ 10000/- രൂപ കൈക്കൂലി നൽകണമെന്ന് ആവശ്യപ്പെടുകയും, ആദ്യപടിയായി 5000/- രൂപ നിർബന്ധിച്ച് വാങ്ങിയെടുക്കുകയും ചെയ്തിരുന്നു. അതിന് ശേഷം 17.09.2025 തീയതി ചാവക്കാട് അസ്സിസ്റ്റന്റ് ലേബർ ഓഫീസിൽ നിന്നും സ്ഥലം മാറ്റം ലഭിച്ച ജയപ്രകാശ് കെ. എ എറണാകുളം ജില്ലയിലെ കാക്കനാട് ലേബർ ഓഫീസിൽ ജോയിൻ ചെയ്തിരുന്നു. എന്നാൽ ഈ വിവരം റസ്റ്റോറന്റ് മാനേജരിൽ നിന്നും ജയപ്രകാശ് കെ. എ മറച്ച് വയ്ക്കുകയും മാനേജരെ വീണ്ടും ഫോണിൽ വിളിച്ച് ബാക്കി തുകയായ 5000/- രൂപ ഉടനെ നൽകണമെന്നും, ഗൂഗിൾ പേ മുഖാന്തിരം അയച്ച് നൽകാനും ആവശ്യപ്പെട്ടിരുന്നു. ഗൂഗിൾ പേ വഴി പണം അയക്കാൻ

സാധിക്കില്ലായെന്ന് അറിയിച്ചപ്പോൾ താൻ നേരിട്ട് വന്ന് പണം വാങ്ങിക്കൊള്ളാമെന്ന് ജയപ്രകാശ് കെ. എ റസ്റ്റോറന്റ് മാനേജരോട് പറഞ്ഞു. എന്നാൽ കൈക്കൂലി നൽകാൻ താല്പര്യമില്ലാത്ത റസ്റ്റോറന്റ് ഉടമ ഈ വിവരം തൃശ്ശൂർ വിജിലൻസ് ഡെപ്യൂട്ടി പോലീസ് സൂപ്രണ്ടിനെ അറിയിക്കുകയും, തുടർന്ന് വിജിലൻസ് സംഘം കെണിയൊരുക്കി നിരീക്ഷിച്ചു വരവേ, ഇന്ന് (23.09.2025) ഉച്ചക്ക് 12.50 മണിക്ക് ഗുരുവായൂരിലുള്ള റസ്റ്റോറന്റിൽ എത്തി പരാതിക്കാരനിൽ നിന്നും 5,000/- രൂപ കൈക്കൂലി വാങ്ങവെ അസ്സിസ്റ്റന്റ് ലേബർ ഓഫീസറായ ജയപ്രകാശ് കെ.എ. യെ വിജിലൻസ് സംഘം കൈയ്യോടെ പിടികൂടുകയുമാണുണ്ടായത്. അറസ്റ്റ് ചെയ്ത പ്രതിയെ തൃശ്ശൂർ വിജിലൻസ് കോടതിയിൽ ഹാജരാക്കും.

പൊതുജനങ്ങളുടെ ശ്രദ്ധയിൽ അഴിമതി സംബന്ധിച്ച വിവരങ്ങൾ ലഭിക്കുകയാണെങ്കിൽ, വിജിലൻസിന്റെ ടോൾ ഫ്രീ നമ്പറായ 1064 എന്ന നമ്പറിലോ, 8592900900 എന്ന നമ്പരിലോ, വാട്സ് ആപ്പ് നമ്പരായ 9447789100 എന്ന നമ്പരിലോ അറിയിക്കണമെന്ന് വിജിലൻസ് ഡയറക്ടർ ശ്രീ. മനോജ് എബ്രഹാം ഐ.പി.എസ്സ് അഭ്യർത്ഥിച്ചു.